"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് - മാനേജിംഗ് ഡയറക്ടർ നിയമനം - ശ്രീമതി ആർ. ഗിരിജ (IAS റിട്ടയേർഡ്) യെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.4/2022/CSIND തീയതി,തിരുവനന്തപുരം, 07-07-2022**

---

പരാമർശം:- 1. 24/06/2022-ലെ സ.ഉ.(സാധാ.) 2636/2022/GADനമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)-ന്റെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. പ്രശാന്ത് എൻ. IAS (KL 2007)-നെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വികസനവും പിന്നാക്ക വിഭാഗ വികസനവും വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ, വിരമിച്ച IAS ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ഗിരിജയെ പുനർനിയമനം സംബന്ധിച്ച് ചട്ടം 100 പാർട്ട് III KSR, ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ എന്നിവയ്ക്ക് വിധേയമായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ടിങ്കു ബിസ്വാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീമതി. ആർ. ഗിരിജ (റിട്ട. IAS), അണിമ, മാടവനറോഡ്, ആലിൻചുവട്, വെണ്ണല പി.ഒ, എറണാകുളം. 682028

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ 38/924 A , ഉദയ നഗർ റോഡ് , ഗാന്ധി നഗർ , കൊച്ചി - 20

ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ

ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്, ആശ്രാമം, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സ.ഉ.(കൈ) നം.4/2022/CSIND

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (2122143/പി.യു. എ-3/54/2022-ധന. തീയതി 27/06/2022).

പൊതുഭരണ (എസ്.സി.) വകുപ്പ്.( 06/07/2022 ലെ ഇനം നമ്പർ 895)

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് .

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Bimal V**

**Date: 06-07-2022 11:47:52**

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-07-2022

ഇനം നം: 895

ഫയൽ നം. എ1/151/2022/സി.എസ്.ഐ.എൻ.ഡി.

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി.)-ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി. ആർ. ഗിരിജയെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

895

**കേരള സർക്കാർ**

**[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 1 / 151 / 2022 / സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ)വകുപ്പ് |
| 3 | വിഷയം | : | കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) -ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ഗിരിജയെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് – സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/06/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ, |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ലീമാ മാനുവൽ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ടി. കെ. ജോസ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/06/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/06/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 01/07/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02/07/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)-ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ഗിരിജയെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി ആർ. ഗിരിജ IAS, 28.02.2022 ൽ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. ആലപ്പുഴ പത്തനംതിട്ട ജില്ലകളിൽ കളക്ടറായും, വൈറ്റില മൊബിലിറ്റി ഹബ് മാനേജിംഗ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടർ, അമൃത് മിഷൻ ഡയറക്ടർ, സർവ്വെ & ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, എന്നീ ചുമതലകളിലും പ്രവർത്തിച്ചിട്ടുള്ള അവർക്ക് വിവിധ ജില്ലകളിലെ ജില്ലാ പ്ലാനിംഗ് ഓഫീസർ എന്ന നിലയിൽ ആസൂത്രണത്തിലും ഏകോപന പ്രവർത്തനങ്ങളിലും വിപുലമായ അനുഭവസമ്പത്തുണ്ട്. മേൽ ചുമതലകളെല്ലാം വളരെ കാര്യക്ഷമമായി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. വിരമിച്ച ശേഷം കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമായി അനുയോജ്യമായ ചുമതലകൾ ഏറ്റെടുക്കാൻ ശ്രീമതി. ഗിരിജ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കെ.എസ്.ഐ.എൻ.സി.-യുടെ നിലവിലെ മാനേജിംഗ് ഡയറക്ടർ ശ്രീ. പ്രശാന്ത് എൻ. ഐഎഎസ് (KL 2007)-നെ 24/06/2022-ലെ സ.ഉ.(സാധാ.) 2636/2022/GAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വികസനവും പിന്നാക്ക വിഭാഗ വികസനവും വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ഗിരിജയെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3. ശ്രീമതി. ആർ. ഗിരിജയ്ക്കെതിരായി അച്ചടക്ക നടപടികളൊന്നും നിലനിൽക്കുന്നില്ലെന്നും, വിരമിക്കുന്ന സമയത്ത് വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലുണ്ടായിരുന്നില്ലെന്നും ഏറ്റവും പുതിയ പ്രതിമാസ വിജിലൻസ് സ്റ്റാറ്റസ് റിപ്പോർട്ട് (2022 ഏപ്രിൽ മാസത്തേത്) പ്രകാരം വിരമിച്ച ഉദ്യോഗസ്ഥക്കെതിരായി വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ ഉള്ളതായി കാണുന്നില്ലെന്നും പൊതുഭരണ (എ.ഐ.എസ്.-എ) വകുപ്പ് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി ആർ. ഗിരിജ വിജിലൻസ് കേസുകളിലോ മറ്റ് അച്ചടക്ക നടപടികളിലോ ഉൾപ്പെട്ടിട്ടില്ലെന്ന് കാണാവുന്നതാണ്.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :

" ശ്രീമതി. R. ഗിരിജ (റിട്ട. IAS) -നെ കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി.) -യുടെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ഒഴിവു വരുന്ന മുറയ്ക്ക് 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്ന വിഷയത്തിൽ, ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകിക്കൊണ്ട്, മന്ത്രിസഭാ യോഗത്തിൽ പരിഗണിക്കുന്നതിലേക്കായി ഭരണവകുപ്പ് ഫയൽ മടക്കി നൽകുന്നു. "

5. കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി ആർ. ഗിരിജയെ 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ റിട്ടയേർഡ് IAS ഉദ്യോഗസ്ഥയായ ശ്രീമതി. ആർ. ഗിരിജയെ, പുനർനിയമനം സംബന്ധിച്ച് ചട്ടം 100 പാർട്ട് III KSR, ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ എന്നിവയ്ക്ക് വിധേയമായി 3 വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമിക്കാമോ ?